**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** **14-07-2022 - ൽ മറുപടിയ്ക്ക്**

**ബഡ്ജറ്റ് ടൂറിസം പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ നടപ്പിലാക്കി വരുന്ന ടൂറിസം പാക്കേജിനെക്കുറിച്ച് വിശദമാക്കാമോ; | (എ) | കുറഞ്ഞ ചിലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2021 നവംബർ 1 മുതൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുകയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്. |
| (ബി) | പാലക്കാട് ജില്ലയിലെ ഏതൊക്കെ ടൂറിസം കേന്ദ്രങ്ങളെ പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി, പറമ്പിക്കുളം, മലമ്പുഴ ഡാം എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും കൂടാതെ ഗ്രാമയാത്ര എന്ന രീതിൽ പാലക്കാടൻ ഗ്രാമ പ്രദേശങ്ങളെ പരിചയപ്പെടുത്തിയിട്ടുള്ള യാത്രകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ